# സർട്ടിഫിക്കറ്റ് കോഴ്സ്

# പഴം-പച്ചക്കറി സംസ്കരണവും വിപണനവും




## ലക്ഷ്യങ്ങൾ

ഈ ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ് പ്രധാനമായും ലക്ഷ്യം വെക്കുന്നത് പഴം–പച്ചക്കറി വിളകളുടെ വിളവെടുപ്പിനുശേഷമുള്ള പരിപാലനത്തെക്കുറിച്ചുള്ള ശരിയായ അറിവ് പകർന്നുനൽകുന്നതിനാണ്. കൂടാതെ പഴം–പച്ചക്കറി വിളകളുടെ സംസ്കരണ രീതികൾ, സംരക്ഷണ രീതികൾ, മൂല്യവർദ്ധിത ഉല്പന്നങ്ങൾ, ഒരു ചെറിയ തോതിലുള്ള ഭക്ഷ്യസംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്നതിനായുള്ള അടിസ്ഥാന സൗകര്യങ്ങൾ എന്നിവയെ സംബന്ധിച്ചുള്ള വിഷയങ്ങളും ചർച്ചചെയ്യുന്നു. ഇതിലൂടെ ഭക്ഷ്യസംസ്കരണ വ്യവസായങ്ങളുടെ തൊഴിൽ ശാക്തീകരണത്തിനായുള്ള ആവശ്യകതകളും കൈകാര്യം ചെയ്യുന്നു.

## ന്യായീകരണം

നിലവിലെ സാഹചര്യത്തിലെ രൂക്ഷമായ തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കാൻ സ്വയം തൊഴിൽ പ്രോത്സാഹപ്പിക്കുന്നതിലൂടെ മാത്രമേ സാധ്യമാവുകയുള്ളൂ. ഒരു സ്വയം തൊഴിൽ സംരംഭം എന്ന നിലയിൽ കാർഷിക മേഖലയിൽ ധാരാളം അവസരങ്ങളുണ്ട്. ഇതിൽ വളരെ പ്രാധാന്യം അർഹിക്കുന്ന ഒരു മേഖലയാണ് പഴം–പച്ചക്കറി വിളകളുടെ വിളവെടുപ്പിനുശേഷമുള്ള പരിപാലനവും സംസ്കരണവും. ഭക്ഷ്യസംസ്കരണം സാങ്കേതികവും മാനവികവുമായ വൈദഗ്ധ്യവും വിഭവശേഷിയും ആവശ്യമായ വ്യവസായ സംരഭകത്വ മേഖലയാണ്. പ്ലസ്ടു അല്ലെങ്കിൽ വി.എച്ച്.എസ്.ഇ. പാസ്സായ വിദ്യാസമ്പന്നരായ എന്നാൽ പ്രായോഗിക പരിശീലനം ലഭിക്കാത്ത യുവാക്കളുടെ എണ്ണം ഇന്ന് വർധിച്ചുക്കൊണ്ടിരിക്കുകയാണ്. ഒരു സംരംഭം ആരംഭിക്കാനുള്ള സാങ്കേതിക വൈദഗ്ധ്യം ഈ യുവാക്കൾക്ക് ഇല്ല. ഈ കോഴ്സ് വിളവെടുപ്പിനുശേഷമുള്ള പരിപാലനം, സംസ്കരണം എന്നിവയെക്കുറിച്ചുള്ള സൈദ്ധാന്തികവും പ്രായോഗികവുമായ അറിവ് നൽകുന്നു.

## കോഴ്സ് വിവരങ്ങൾ

| | | |
|---|---|---|
| കാലയളവ് | : | 3 മാസം |
| സ്ഥലം | : | ഇ-പഠന കേന്ദ്രം, കേരള കാർഷിക സർവ്വകലാശാല, വെള്ളാനിക്കര , തൃശൂർ |

## മോഡ്യൂളുകൾ

1 വിളവെടുപ്പിനുശേഷമുള്ള പരിപാലനം

**2** സംസ്കരണവും വിളവെടുപ്പ് രീതികളും

3. ഭക്ഷ്യ സംസ്കരണ വ്യവസായം

| | |
|---|---|
| തിരഞ്ഞെടുപ്പ് രീതി | : ഓൺലൈൻ റെജിസ്ട്രേഷനും ഓൺലൈൻ യോഗ്യതാ പരിശോധനയും |
| റെജിസ്ട്രേഷന് വേണ്ട യോഗ്യത | : പഠിതാവിന് ഏതെങ്കിലുംമൊരു ഗവണ്മെന്റ് പരീക്ഷ ബോർഡ് അംഗീകരിച്ച പത്താംക്ലാസ് / തത്തുല്യമായ യോഗ്യത ഉണ്ടായിരിക്കണം |

## നടപ്പിലാക്കുന്ന ടീം :

| | |
|---|---|
| മേൽനോട്ട മേധാവി | : ഡയറക്ടർ ഓഫ് എക്സ്റ്റൻഷൻ, കെ.എ.യു. |
| സ്ഥാപന മേധാവി | : ഡയറക്ടർ, ഇ-പഠന കേന്ദ്രം |
| കോഴ്സ് ഡയറക്ടർ | : ഇൻസ്റ്റിറ്റ്യൂഷൻ കോർഡിനേറ്റർ, ഇ-പഠന കേന്ദ്രം |
| കോഴ്സ് കോർഡിനേറ്റർ | : ബന്ധപ്പെട്ട കോളേജ്/സ്ഥാപനം |

**കോഴ്സ് ഫീ** : ഒരു പഠിതാവിന് 3000/- രൂപ

**ബന്ധപ്പെടുവാൻ** : ഡയറക്ടർ, ഇ-പഠന കേന്ദ്രം
ഫോൺ : 0487-2438566 / 2438567
ഇ-മെയിൽ : celkau@gmail.com

## കോഴ്സ് പഠന രീതി

സിദ്ധാന്തം : ഓൺലൈൻ ട്യൂട്ടോറിയലുകൾ ക്ലാസ്സ് റൂം സെഷനുകൾ,
നിർബന്ധിതമല്ലാത്ത കോണ്ടാക്റ്റ് ക്ലാസുകൾ

പ്രായോഗികം : ചിത്രീകരിച്ച ഓൺലൈൻ ലാബുകളും നിർബന്ധിതമല്ലാത്ത
പ്രായോഗിക സെഷനുകളും

**കുറിപ്പ് : എല്ലാ പഠന സാമഗ്രികളും പരീക്ഷയും മലയാളത്തിലും ഓൺലൈൻ വഴിയുമായിരിക്കും**

**പഠിതാക്കൾക്ക് സാധുവായ ഇമെയിൽ ഐ.ഡി. നിർബന്ധമാണ്**